# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5162 27.06.2019 - ൽ മറുപടിക്ക്

**ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ എത്ര ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിലവിൽ 57 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 3 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 4 |
| കോട്ടയം | 1 |
| ഇടുക്കി | 5 |
| എറണാകുളം | 10 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 4 |
| മലപ്പുറം | 2 |
| കോഴിക്കോട് | 9 |
| വയനാട് | 1 |
| കണ്ണൂർ | 5 |
| കാസർഗോഡ് | 2 |

| | | | |
|---|---|---|---|
| (ബി) | ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും എന്തുകൊണ്ടാണ് നിയമനം നൽകാത്തതെന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം മുഖേന ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഹെൽത്ത് ഇൻസ് പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നിർത്തിവെച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തസ്തികയിലെ പ്രൊമോഷൻ സമയബന്ധിതമായി നല്കുന്നതിനു വേണ്ട അടിയന്തരനടപടി സ്വീകരിക്കുമോ? | (സി) | മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ഉണ്ടായ ഒഴിവുകളിലേക്ക് നിരവധി സ്ഥലംമാറ്റ അപേക്ഷകൾ ലഭിച്ചിരുന്നുവെങ്കിലും 2019 ലെ ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. നിലവിൽ പ്രസ്തുത സ്ഥലം മാറ്റം നടത്തുന്നതിനും ആയതിനുശേഷം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

Milan

സെക്ഷൻ ഓഫീസർ